ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. കെ. ബാബു :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികൾക്ക് ബോണസ് നൽകുവാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി സംസ്ഥാനമൊട്ടുക്കും നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

(ഡി) എന്തു തുക വീതമാണ് ബോണസ് നൽകുന്നത്;

(ഇ) ഇതുവരെ എത്ര പേർക്ക് ബോണസ് അനുവദിച്ചു?

ഉത്തരം

(എ) ഇല്ല

(ബി)(സി),(ഡി)&(ഇ) ഉദിക്കുന്നില്ല.

43 (1880) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കിക്കൊണ്ടുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) അവസാന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) അവസാന വിജ്ഞാപനം എത്രയും വേഗം പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 10.5.1999-ൽ

(ബി)&(സി) ഒ.പി. നം. 30835/99 എന്ന ഹൈക്കോടതി കേസ്സിലെ തീർപ്പിനുവിധേയമായി മാത്രമേ നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടിയെടുത്തുവരുന്നു.

44 (1881) തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കേരള കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും എത്ര കോടി രൂപ അടയ്ക്കാനുണ്ടെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുക എത്രയും വേഗം തയ്യൽത്തൊഴിലാളി ക്ഷേമ നിധി ബോർഡിനു കൈമാറുമോ;

(സി) തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ നൽകുന്ന ഗ്രാന്റ് വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അവശതാ പെൻഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത പെൻഷൻ കൊടുത്തുതീർക്കുവാൻ പ്രതിവർഷം എന്തു തുക വേണ്ടിവരും;

(എഫ്) അവിവാഹിതരായ അംഗങ്ങൾക്ക് ക്ഷേമനിധിയിൽനിന്നും ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31.3.96 വരെയുള്ള കണക്കനുസരിച്ച് 7,05,44,019 രൂപ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാറിയിട്ടുണ്ട്. കൃത്യമായ തുക കണക്കാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബാധകമല്ല.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 3086

(ഇ) ഏകദേശം 39 ലക്ഷം രൂപ.

(എഫ്) അവിവാഹിതരായ അംഗങ്ങൾക്ക് വിവാഹാനുകൂല്യം നൽകുന്നതിന് ഇപ്പോൾ പദ്ധതിയിൽ വ്യവസ്ഥയില്ല.

45 (1882) തോട്ടം തൊഴിലാളി നിയമം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് തോട്ടം തൊഴിലാളി നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനെതിരെ ഏതെങ്കിലും തോട്ടം ഉടമ കോടതിയെ സമീപിച്ചതായി അറിയാമോ; എങ്കിൽ കോടതി ഉത്തരവ് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തോട്ടങ്ങളുടെ ഉടമകളാണിവരെന്നും പേരിലാണ് ഈ തോട്ടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) ഈ തോട്ടം ഉടമകൾക്കെതിരായി എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് തോട്ടം തൊഴിലാളി നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനെതിരെ തോട്ടം ഉടമകൾ ആരുംതന്നെ കോടതിയെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തോട്ടം തൊഴിലാളി നിയമം അനുസരിച്ചുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകാതിരുന്നതിനെതിരെ പീരുമേട് ട്രാവൻകൂർ റബ്ബർ ആന്റ് ടീ

LIBRARY ARCHIVES Kerala Legislative Assembly